**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം--ജീവനക്കാര്യം- ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തികയിൽ ദിവസവേതനത്തിൽ ജോലി ചെയ്ത് വരുന്ന ശ്രീ ഏലിയാസ് .സി.പി, ശ്രീ. എൻ.വി ബിജു, ശ്രീ. പ്രമോദ് കുമാർ.സി.വി, ശ്രീ ഒ.കെ.അബ്ദുൾ സലാം എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2285/ 2019/ തസ്വഭവ തീയതി, തിരുവനന്തപുരം, 17/ 10/ 2019**

പരാമർശം :

1. 08.08.1988 ലെ ജി.ഒ.(എം.എസ്) 42/ 88/ പി&എ.ആർ.ഡി
2. 27.05.2003 ലെ സ.ഉ(സാധാ) നം 169/ 03/ തസ്വഭവ
3. 31.03.2006 ലെ സ.ഉ(സാധാ) നം 86/ 06/ തസ്വഭവ
4. 03.09.2012 ലെ സ.ഉ(സാധാ) നം 2493/ 2012/ തസ്വഭവ
5. 16.11.2016 ലെ സ.ഉ(സാധാ) നം 3108/ 2016/ തസ്വഭവ
6. 14.03.2018 ലെ സ.ഉ(സാധാ) നം 690/ 2018/ തസ്വഭവ
7. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.10.2018 ലെ OA 1972/ 2018 നം ഉത്തരവ്
8. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24.10.2018 ലെ OA 2011/ 2018 നം ഉത്തരവ്.
9. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24.10.2018 ലെ OA 2015/ 2018 നം ഉത്തരവ്.
10. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24.10.2018 ലെ OA 2016/ 2018 നം ഉത്തരവ്.
11. പഞ്ചായത്ത് ഡയറക്ടറുടെ 23.03.2019 ലെ PAN/ 715/ 2019- E14(DP) നം കത്ത്.
12. 22.05.2019 ലെ സ.ഉ (എം.എസ്) 6/ 2019/ പി&എ.ആർ.ഡി

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ കൊക്കയാർ ഗ്രാമപഞ്ചായത്തിൽ 22.06.1999 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറായി ജോലി ചെയ്തു വരുന്ന ശ്രീ ഒകെ അബ്ദുൾ സലാം, അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിൽ 24.12.2003 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറായി ജോലി നോക്കുന്ന ശ്രീ. പ്രമോദ് കുമാർ സി.വി, നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീപ്പ് ഡ്രൈവറായി 17.03.2003 മുതൽ ജോലി ചെയ്തു വരുന്ന ശ്രീ എൻ. വി. ബിജു, ശാന്തൻപാറ ഗ്രാമപഞ്ചായത്തിൽ 1.07.2000 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറായി ജോലിചെയ്യുന്ന ശ്രീ ഏലിയാസ്. സി.പി എന്നിവർ അതതു പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തികയിൽ റെഗുലറൈസേഷൻ ആവശ്യപ്പെട്ട്

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 1972/2018, OA 2011/2018, OA 2015/2018, OA 2016/2018 എന്നീ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസുകളിൽ ടി അപേക്ഷകർ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനായി സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അനക്സർ എ12 നിവേദനങ്ങളിൽ അപേക്ഷകരെ നേരിൽ കേട്ട് തീരുമാനം കൈക്കൊള്ളുന്നതിന് പരാമർശം (7) മുതൽ (10) വരെയുള്ള ഉത്തരവുകൾ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചു.

2. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ 25.01.2019 ൽ നേരിൽ കേൾക്കുകയുണ്ടായി. അപേക്ഷകരും കൂടാതെ അവർക്കു വേണ്ടി അവരുടെ കൗൺസലും ഹാജരായി. അപേക്ഷകരുടെ വാദങ്ങൾ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ കുറിക്കുന്ന വസ്തുതകൾ നിലനിൽക്കുന്നു.

3. 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകുകയും ജനകീയാസൂത്രണ പദ്ധതിയിലൂടെ അധികാര വികേന്ദ്രീകരണം സാധ്യമാകുകയും ചെയ്തതോടെ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാരുടെ ഉത്തരവാദിത്തവും ചുമതലകളും വർദ്ധിക്കുകയുണ്ടായി. അതോടൊപ്പം വിവിധ വകുപ്പുകളുടെ ജോലി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതോടെ പഞ്ചായത്തിനും അദ്ധ്യക്ഷൻമാർക്കും ജോലിഭാരം വർദ്ധിച്ചു പ്രസ്തുത സാഹചര്യത്തിൽ പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്ക് വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് സർക്കാർ അനുമതി നൽകി. പ്രസ്തുത തീരുമാനം പുനഃപരിശോധിച്ച് പരാമർശം (2) ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തമായി വാഹനം വാങ്ങാൻ വാർഷിക പദ്ധതിയിൽ തുക വകകൊള്ളിക്കുന്നതിന് അനുമതി നൽകി. പ്രസ്തുത ഉത്തരവിൽ വാഹനം വാങ്ങുന്നതിന് പ്ലാൻ ഫണ്ടോ നോൺ-പ്ലാൻ ഫണ്ടോ ഉപയോഗിക്കുന്നതിനും, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വേണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഇതിനെ തുടർന്ന് വളരെയധികം പഞ്ചായത്തുകൾ വാഹനം വാങ്ങുകയുണ്ടായി. പരാമർശം (2) ഉത്തരവ് ഭേദഗതി ചെയ്ത് പരാമർശം (3) ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വാങ്ങിയ വാഹനങ്ങൾക്ക് ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കാതെ ഗ്രാമപഞ്ചായത്തുകൾ ദിവസവേതന / കരാർ വ്യവസ്ഥയിൽ യോഗ്യതയുള്ളവരെ നിയോഗിച്ചു. ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കാത്തതിനാൽ ഇപ്രകാരം നിയമിതരായവർ പല ഗ്രാമപഞ്ചായത്തുകളിലും തുടരുന്നു. ഇപ്രകാരം ഇടുക്കി ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ദിവസ / കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ് അപേക്ഷകർ.

4. സ്വന്തമായി വാഹനമില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കാൻ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള പരിധി 50,000/- രൂപയിൽ നിന്നും പരാമർശം (4) ഉത്തരവ് പ്രകാരം 75,000/- രൂപയാക്കി. പരാമർശം (5), (6) ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ഒന്നിലധികം വാഹനങ്ങൾ വാങ്ങുന്നതിന് അനുമതിയുണ്ട്. മേൽപ്പറഞ്ഞ പ്രകാരം വാഹനങ്ങൾ വാങ്ങുമ്പോൾ ഉടൻ തസ്തിക സൃഷ്ടിക്കുക പ്രായോഗികമല്ലാത്തതിനാൽ ദിവസവേതനക്കാരെ നിയമിച്ചുവരുന്നു.

5. പരാമർശം (1) ഉത്തരവ് പ്രകാരം വാഹനം വാങ്ങുന്നതിന് സമാന്തരമായി തന്നെ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ സർക്കാർ വകുപ്പുകൾ മാത്രം വാഹനം വാങ്ങിയിരുന്ന സമയത്താണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 2000 ന് മുമ്പ് വാഹനം വാങ്ങിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ ഡ്രൈവർ തസ്തിക അനുവദിച്ച് വാങ്ങിയിരുന്നു. തസ്തിക സൃഷ്ടിച്ചാൽ പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി മുഖാന്തിരം മാത്രമേ നിയമനം നടത്താനാകൂ. പി.എസ്.സി നിയമനം നടത്തിയാൽ ദിവസവേതന / കരാർ ജീവനക്കാരെ പിരിച്ചുവിടേണ്ടതായി വരും. ആകയാൽ തസ്തികകൾ സൃഷ്ടിച്ചിരുന്നെങ്കിലും ആ തസ്തികയിൽ നിയമന ക്രമവൽക്കരണം നടന്ന് ജോലി സ്ഥിരപ്പെടാൻ അർഹതയുണ്ടെന്ന ഹർജിക്കാരുടെ വാദം നിലനിൽക്കുന്നതല്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ തസ്തിക സൃഷ്ടിക്കുന്നതിന് കഴിയാത്ത സാഹചര്യമാണെന്നും ഗ്രാമ പഞ്ചായത്തുകളിൽ വാഹനങ്ങൾ വാങ്ങുന്നതിന് പകരം വാഹനം, ഡ്രൈവർ, ഇന്ധന ചെലവ് ഇവയടക്കം വാഹനം പ്രതിമാസ വാടകയ്ക്ക് എടുക്കാവുന്നതാണെന്ന് പരാമർശം (4) ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

6. ഡ്രൈവർ ഗ്രേഡ് II തസ്തികയിലേക്ക് പി.എസ്.സി മുഖാന്തിരം നിയമനത്തിന് ഹർജിക്കാർക്ക് യോഗ്യതയുണ്ടെന്ന വാദം അടിസ്ഥാനമില്ലാത്തതാണ്. ഡ്രൈവർ തസ്തിക സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള തസ്തികയാണ്. ദിവസവേതനാടിസ്ഥാനത്തിൽ നിയമനം ലഭിക്കുന്നതിനും ടി സാങ്കേതിക പരിജ്ഞാനം അനിവാര്യമാണ്. അപ്രകാരമുള്ള യോഗ്യത ഇല്ലാത്തവരെ ടി തസ്തികയ്ക്ക് പരിഗണിക്കാനാകില്ല. ആയതിനാൽ സാങ്കേതിക പരിജ്ഞാനമുള്ളതുകൊണ്ട് സ്ഥിരപ്പെടുത്തണമെന്ന ആവശ്യവും നിലനിൽക്കുന്നതല്ല

7. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും 2015 ൽ 10 വർഷം സേവനം പൂർത്തിയാക്കുകയും ചെയ്ത ഡ്രൈവർമാരുടെ വിവരങ്ങൾ ശേഖരിച്ചിരുന്നുവെങ്കിലും അവരുടെ കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല

8. പി.എസ്.സി / എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താതെ ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് അത്തരത്തിലുള്ള നിയമനങ്ങൾ പിൻവാതിൽ നിയമനമാണെന്നും അത് അനുവദനീയമല്ലെന്നും ഉമാദേവി vs സ്റ്റേറ്റ് ഓഫ് കർണാടക കേസിൽ ബഹു. സുപ്രീംകോടതി നിരീക്ഷിച്ചിട്ടുണ്ട്. കൂടാതെ യോഗ്യരായ ശരിയായ നിയമന രീതി പ്രകാരം (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം) അനുവദിക്കപ്പെട്ട തസ്തികയിൽ 2006 ൽ 10 വർഷമായി തുടർച്ചയായി താൽക്കാലികമായി തുടർന്നു വരുന്ന ദിവസവേതന / കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാരെ ഒറ്റത്തവണത്തേയ്ക്ക് ക്രമപ്പെടുത്തുന്നതിനാണ് പ്രസ്തുത കേസിൽ ബഹു. സുപ്രീംകോടതി അനുമതി നൽകിയിട്ടുള്ളത്. ഇവിടെ പരാതിക്കാർ 'സാങ്ഷൻഡ്' തസ്തികയിൽ ശരിയായ നിയമന പ്രക്രിയയിലൂടെ ( എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം) നിയമിതരായവരല്ല. കൂടാതെ പഞ്ചായത്തു വകുപ്പിൽ ഒറ്റത്തവണ സ്ഥിരപ്പെടുത്തൽ നടത്തിയിട്ടുള്ളതുമാണ്. അതുകൊണ്ട് പരാതിക്കാരുടെ പ്രസ്തുത വാദം നിലനിൽക്കുന്നതല്ല.

9. അപേക്ഷകർക്ക് പി.എസ്.സി മുഖാന്തിരം അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞെന്നും കുടുംബത്തിന്റെ ആശ്രയം ടി ജീവനക്കാരിലാകയാൽ സ്ഥിരപ്പെടുത്തണമെന്നാണ് ഹർജിയിലെ ആവശ്യം. എന്നാൽ പി.എസ്.സി മുഖാന്തിരം നിയമനം നടത്തേണ്ട തസ്തികയിലേക്ക് പി.എസ്.സി റാങ്ക് ലിസ്റ്റ് നിലനിൽക്കേ പുറംവാതിൽ നിയമനം നടത്തണമെന്ന ആവശ്യം നിയമപരമല്ല. പി. എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിവിധ ജില്ലക്കാരായ ഉദ്യോഗാർത്ഥികൾ പഞ്ചായത്തുകളിൽ ഡ്രൈവർ ഗ്രേഡ് II തസ്തികാനുവാദം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകൾ

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് നിരസിക്കുകയാണുണ്ടായത്. ആ സ്ഥാനത്ത് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമനം നൽകിയവരെ സ്ഥിരപ്പെടുത്തുന്നത് നിയമപരമോ ക്രമപ്രകാരമോ അല്ല.

10 State of Karnataka Vs Umadevi കേസിൽ 10 വർഷം തുടർച്ചയായി സേവനത്തിൽ തുടർന്ന ജീവനക്കാർക്ക് സ്ഥിരനിയമനത്തിന് അർഹതയുണ്ടെന്ന ഹർജിക്കാരുടെ വാദം സന്ദർഭത്തിൽ നിന്നും അടർത്തിയെടുത്തതാണ്. വ്യക്തമായ നിയമന രീതി നിലവിലിരിക്കെ അതു മറികടന്ന് ദിവസവേതനക്കാരെ ക്രമവൽക്കരിക്കുന്നത് നിശ്ചിതയോഗ്യതയോടെ നിയമനത്തിന് കാത്തിരിക്കുന്നവരെ അവഗണിക്കുന്നതിനും പിൻവാതിൽ നിയമനത്തെ പ്രോത്സാഹിപ്പിക്കുന്നതുമാണെന്നാണ് സുപ്രീംകോടതി നിരീക്ഷിച്ചിട്ടുള്ളത്.

11. വാഹനം വാങ്ങുന്നതിനൊപ്പം ഡ്രൈവർ പോസ്റ്റ് സൃഷ്ടിച്ച് നിയമനം നടത്തണമെന്ന പരാമർശം (1) ഉത്തരവ് വകുപ്പുകൾക്ക് ബാധകമാക്കിക്കൊണ്ടാണ് പുറപ്പെടുവിച്ചിരുന്നത്. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്ന അവസരത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിന് അനുമതിയുണ്ടായിരുന്നില്ല പിന്നീട് സ്വയംഭരണ അധികാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചീകരണമടക്കമുള്ള അനിവാര്യ ചുമതലകൾ നിർവ്വഹിക്കാൻ വാഹനങ്ങൾ ആവശ്യമായി വരികയും ആയത് വാങ്ങുകയും ചെയ്യുന്നു. അതിന്റെ ഉപയോഗത്തിനായി ഉടൻ താൽക്കാലിക ജീവനക്കാരെ പഞ്ചായത്ത് ചുമതലപ്പെടുത്തുകയും ചെയ്യുന്നു. തസ്തിക സൃഷ്ടിച്ച് പി.എസ്.സി മുഖാന്തിരമുള്ള നിയമനത്തിന് കാലതാമസം വരുമെന്നതിനാലാണ് ദിവസവേതനത്തിൽ താൽക്കാലികക്കാരെ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ അത്തരം ഒരു ക്രമീകരണം സ്ഥിരനിയമനത്തിനുള്ള പ്രത്യേക അധികാരമോ അവസരമോ അല്ല കൂടാതെ വാഹനങ്ങൾ വാങ്ങുന്നതിനൊപ്പം തസ്തികാനുവാദവും നൽകേണ്ടതാണെന്ന നിർദ്ദേശം അടങ്ങുന്ന പരാമർശം (1) ഉത്തരവിന് കാലക്രമത്തിൽ കാലിക പ്രാധാന്യം നഷ്ടമായെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (12) ഉത്തരവ് പ്രകാരം പരാമർശം (1) ഉത്തരവ് മരവിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

12 മേൽ സാഹചര്യത്തിൽ ശ്രീ ഒ.കെ.അബ്ദുൾ സലാം, ശ്രീ. പ്രമോദ് കുമാർ.സി.വി, ശ്രീ. എൻ.വി ബിജു, ശ്രീ. ഏലിയാസ്. സിപി എന്നിവർ കൊക്കയാർ, അയ്യപ്പൻകോവിൽ, നെടുങ്കണ്ടം, ശാന്തൻപാറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിച്ച് അവരെ അതതു ഗ്രാമപഞ്ചായത്തുകളിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ചുകൊണ്ടും ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23.10.2018 ലെ OA 1972/2018, 24.10.2018 ലെ OA 2011/2018, 24.10.2018 ലെ OA 2015/2018, 24.10.2018 ലെ OA 2016/2018 എന്നീ ഉത്തരവുകൾ പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. അബ്ദുൽ സലാം. ഒ.കെ, ഒലിക്കപാറ ഹൗസ്, കൊക്കയാർ, കൂട്ടിക്കൽ. പി.ഒ, ഇടുക്കി - 686514
ശ്രീ. പ്രമോദ്കുമാർ.സി.വി, ചെലിയനാനിക്കൽ ഹൗസ്, മാരിക്കുളം, അയ്യപ്പൻകോവിൽ. പി.ഒ, ഇടുക്കി - 685 507
ശ്രീ. ബിജു. എൻ.വി, നഞ്ചിലത്ത് ഹൗസ്, പച്ചടി, പച്ചടി. പി.ഒ, ഇടുക്കി - 685553
ശ്രീ. ഏലിയാസ്. സി.പി, ചേന്നാട്ട് ഹൗസ്, തൊട്ടിക്കാനം, ശാന്തൻപാറ. പി.ഒ, ഇടുക്കി - 685619

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ജില്ല( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ **(എ&ഇ)/(ആഡിറ്റ്),** കേരള, തിരുവനന്തപുരം.
സെക്രട്ടറി, കൊക്കയാർ, അയ്യപ്പൻകോവിൽ, നെടുങ്കണ്ടം, ശാന്തൻപാറ ഗ്രാമപഞ്ചായത്തുകൾ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 216/ ഇപിഎ 2/ 2019/ തസ്വഭവ, 217/ ഇപിഎ 2/ 2019/ തസ്വഭവ, 218/ ഇപിഎ 2/ 2019/ തസ്വഭവ, 219/ ഇപിഎ 2/ 2019/ തസ്വഭവ)

ഉത്തരവിൻപ്രകാരം

Danny M

സെക്ഷൻ ഓഫീസർ